(സി) ഈ പദ്ധതി നടപ്പാക്കാൻ ആർക്കാണ് അംഗീകാരം കൊടുത്തത് ;

(ഡി) പ്രസ്തുതയാളിന് ഈ രംഗത്തുള്ള പരിചയമെന്താണ് ;

(ഇ) ഈ പദ്ധതിക്കുവേണ്ടി എത്ര സ്ഥലം കൈമാറുന്നുണ്ട് ;

(എഫ്) എന്തെല്ലാം വ്യവസ്ഥയിലാണ് കൈമാറുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ആരും സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല.

(ബി—എഫ്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വാഗമൺ ടൂറിസം പദ്ധതി

102 [3249] ശ്രീ. കെ. എ. ചന്ദ്രൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ടൂറിസം പദ്ധതിയുടെ ഭാഗമായി കൃഷി സംബന്ധമായും ഔഷധ സംബന്ധമായും എന്തെല്ലാം കാര്യങ്ങളിൽ അവിടുത്തെ ബയോടെക് സെന്ററിൽ ഗവേഷണം നടത്തുമെന്നാണ് പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നത്;

(ബി) പ്രസ്തുത കാര്യങ്ങളിൽ നടത്തുന്ന ഗവേഷണവും ടൂറിസം വികസനവും തമ്മിലുള്ള ബന്ധമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) വിദേശ സ്ഥാപനത്തിനുവേണ്ടി ഗവേഷണം നടത്തുന്ന റിസർച്ച് സെന്ററിൽ ജൈവ വൈവിധ്യ പഠനത്തിനുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നുണ്ടോ?

ഉത്തരം

(എ) വാഗമണ്ണിന്റെ സമഗ്രവികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ടി മാസ്റ്റർ പ്ലാനിൽ പരിസ്ഥിതി സംബന്ധമായി ഒരു ബയോടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദ പരിശോധനകൾ നടത്താനിരിക്കുന്നതേയുള്ളൂ.

(ബി, സി) ബാധകമല്ല.

വാഗമൺ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ഗവേഷണം

103 [3250] ശ്രീ. പി. ടി. തോമസ് :
„ ലൂഡി ലൂയിസ് :
„ പ്രയാർ ഗോപാലകൃഷ്ണൻ :
„ വി. ഡി. സതീശൻ :
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വാഗമൺ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി നടത്തുന്ന കൃഷി, സസ്യങ്ങൾ, പച്ചമരുന്ന് എന്നിവ സംബന്ധിച്ച ഗവേഷണം ഏതു സ്ഥാപനത്തിനുവേണ്ടിയാണ് നടത്തുന്നത്;

(ബി) ഈ സ്ഥാപനം സസ്യങ്ങളിൽനിന്ന് മരുന്ന് കണ്ടെത്തുന്നതിന് വൻതുക വ്യയം ചെയ്യുന്ന സ്ഥാപനമാണോ;

(സി) സസ്യങ്ങളിൽ നിന്ന് മരുന്നു കണ്ടെത്തിയാൽ ആ മരുന്നും സസ്യവും ഭൗതിക സ്വത്തവകാശ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനമാണോ ഇത്;

(ഡി) എങ്കിൽ മലനാട്ടിലും ഇടനാട്ടിലും തീരപ്രദേശത്തും വളരുന്ന സസ്യലതാദികൾ ധാരാളമായി കണ്ടുവരുന്ന വാഗമൺ പ്രദേശത്ത് നടത്തുന്ന ഇത്തരം ഗവേഷണം മൂലം നമ്മുടെ സസ്യസമ്പത്തിന്റെ ഉടമസ്ഥത ഈ സ്ഥാപനം കൈക്കലാക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സാദ്ധ്യത തടയുവാൻ എന്തെല്ലാം വ്യവസ്ഥകളാണ് വാഗമൺ ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകിയപ്പോൾ വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗമൺ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി ഇപ്പോൾ യാതൊരു ഗവേഷണവും നടത്തുന്നില്ല.

(ബി—ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ആലപ്പുഴയിലെ ടൂറിസം വികസനം

104 [3251] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളും കനാലുകളും കടൽത്തീരവും കൊണ്ട് സമ്പന്നമായ ആലപ്പുഴ ടൂറിസം വികസന രംഗത്ത് വളരെയധികം സാദ്ധ്യതയുള്ള സ്ഥലമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആലപ്പുഴ നഗരത്തിലെ കനാലുകൾ പോള നിറഞ്ഞ് ജനങ്ങളുടെ ആരോഗ്യത്തിനുപോലും ഭീഷണി ഉയർത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കനാലുകളുടെ നവീകരണത്തിനായി ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും അവയൊന്നും യാഥാർത്ഥ്യമാകാത്തതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസം വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന സമഗ്ര വികസന പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിലെ കനാലുകൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly